പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2871 20.06.2013 -ൽ മറുപടിക്ക്

# പൊതു ടോയ്‌ലറ്റുകളും ബസ് കാത്തിരിപ്പു കേന്ദ്രങ്ങളും

**ചോദ്യം**

ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. പി.റ്റി.എ. റഹീം :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :

(എ) സംസ്ഥാനത്ത് പൊതു ടോയ്‌ലറ്റുകളും ബസ് കാത്തിരിപ്പു കേന്ദ്രങ്ങളും നിർമ്മിക്കുന്നതിനും നടത്തിപ്പിനുമായി കമ്പനികൾ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ അവയുടെ ഘടനയും പ്രവർത്തന രീതിയും മൂലധനസമാഹരണവും സംബന്ധിച്ചുള്ള കാര്യങ്ങൾ വ്യക്തമാക്കാമോ ;

**ഉത്തരം**

ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്
(പൊതുമരാമത്ത് വകുപ്പു മന്ത്രി)

(എ) സംസ്ഥാനത്ത് ബസ് ഷെൽട്ടറുകൾ, പൊതു ടോയ്‌ലറ്റുകൾ എന്നിവയുടെ നടത്തിപ്പിനായി 'സിയാൽ' മാതൃകയിൽ രണ്ടു കമ്പനികൾ പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ രൂപീകരിച്ചിട്ടുണ്ട്.

(ബി) പൊതു സ്വകാര്യ പങ്കാളിത്തത്തോടെ ഓരോ സ്ഥലത്തിനും അനുയോജ്യമായ രീതിയിൽ യാത്രക്കാർക്ക് സൗകര്യപ്രദവും സുരക്ഷിതവുമായി ബസ് കാത്തിരിക്കുന്നതിന് ശാസ്ത്രീയമായി രൂപകൽപ്പന ചെയ്ത് ബസ് ഷെൽട്ടറുകൾ നിർമ്മിക്കുക, അതിന്റെ സംരക്ഷണവും പരിപാലനവും നടത്തുക, പദ്ധതിയിൽ നിന്നും വരുമാനം ലഭിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ നടപ്പാക്കുക തുടങ്ങിയാണ് "പ്രതീക്ഷാ ബസ് ഷെൽട്ടേഴ്സ് കേരള ലിമിറ്റഡ്" കമ്പനിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ.

നഗരങ്ങളിലെത്തുന്ന യാത്രക്കാർക്ക് പ്രത്യേകിച്ച് സ്ത്രീകൾക്ക് വേണ്ടി വൃത്തിയുള്ളതും ശുചിത്വമുള്ളതുമായ ശൗചാലയങ്ങൾ നിർമ്മിക്കുന്നതിനും അതിന്റെ പരിപാലനത്തിനും മേൽ നോട്ടം വഹിക്കുകയാണ് ആശ്വാസ് പബ്ലിക് അമനിറ്റീസ് കേരള ലിമിറ്റഡ് കമ്പനിയുടെ പ്രധാന ഉദ്ദേശ ലക്ഷ്യങ്ങൾ. പ്രസ്തുത കമ്പനികളുടെ അംഗീകൃത മൂലധനം 5 ലക്ഷം രൂപ വീതമാണ്. ഇതിൽ സർക്കാരിന് 26% വീതം ഓഹരികൾ ഉണ്ടായിരിക്കുന്നതാണ്.

| | |
|---|---|
| (സി) ഇവയുടെ പ്രവർത്തനങ്ങളിൽ സ്വകാര്യ പങ്കാളിത്തം ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം നൽകാമോ ; | (സി) സ്വകാര്യ പങ്കാളിത്തത്തോടുകൂടി പദ്ധതി നടപ്പാക്കുവാനാണ് ഉദ്ദേശിക്കുന്നത്. അതിന്റെ വിശദാംശങ്ങൾ അന്തിമമായി തീരുമാനിച്ചിട്ടില്ല. |
| (ഡി) ഈ പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ചുള്ള നയം വ്യക്തമാക്കാമോ ? | (ഡി) പ്രസ്തുത പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് തീരുമാനം കൈക്കൊണ്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

rr